● പ്രതികരണം

● ഹാശിം രിഫാഈ കൊച്ചി

# ജിൽബാബ് ഔറത്തിനും ഹിജാബിനും മധ്യേ

'ബോധനം' 2012 ജനുവരി- ഫെബ്രുവരി ലക്കത്തിൽ അബ്ദുല്ല ഹസൻ എഴുതിയ 'ഹിജാബ്, ഖിമാർ, ജിൽബാബ്' എന്ന ലേഖനം സ്ത്രീകൾ മുഖം മറക്കേണ്ടതില്ല എന്ന് സമർഥിക്കുന്നതായിരുന്നു. എന്നാൽ അതിന് സ്വീകരിച്ച തെളിവുകളുടെ അവതരണ രീതി തികച്ചും തെറ്റിദ്ധാരണാജനകമാണ്. ഹിജാബ് പ്രവാചക പത്നിമാർക്ക് മാത്രമെ നിർബന്ധമുള്ളൂവെന്നും മറ്റ് സ്ത്രീകൾ മുഖവും മുൻകൈയ്യും ഒഴികെയുള്ള ഭാഗങ്ങൾ മറച്ചാൽ മതിയെന്നുമായിരുന്നു ലേഖനത്തിന്റെ ആകെത്തുക. സൂറത്തുൽ അഹ്സാബിലെ 53-ാമത്തെ സൂക്തത്തെ ആസ്പദമാക്കിയാണ് അദ്ദേഹം ഇത്തരമൊരു നിലപാടിൽ എത്തിച്ചേരുന്നത്.അൽ ഹലാലു വൽ ഹറാമു ഫിൽ ഇസ്‌ലാം എന്ന പുസ്തകത്തിൽ ഡോ.യൂസുഫുൽ ഖറദാവിയും ഇതേ അഭിപ്രായം പ്രകടിപ്പിക്കുന്നുണ്ട്. യഥാർഥത്തിൽ ഈ സൂക്തത്തിലൂടെ ഹിജാബ് നിയമമാക്കുന്നത് ആർക്കൊക്കെയാണെന്നും, മുസ്‌ലിം സ്ത്രീയുടെ വസ്ത്രധാരണത്തിൽ മുഖാവരണത്തിനുള്ള പ്രാധാന്യം എന്താണെന്നും വിശദീകരിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

**ഹിജാബ് പാലിക്കേണ്ടത് പുരുഷന്മാർ!!!**

ഹിജാബ് എന്ന അറബി പദത്തിന് ഇംഗ്ലീഷിൽ 'കർട്ടൺ' ഉർദുവിൽ 'പർദ്ദ' മലയാളത്തിൽ 'തിരശ്ശീല' എന്നെല്ലാം അർഥം പറയാവുന്നതാണ്. സൂറത്തുൽ അഹ്സാബിലെ 53-ാമത്തെ സൂക്തം അനുസരിച്ച് ഹിജാബ് പാലിക്കേണ്ട പ്രാഥമിക ബാധ്യത പുരുഷന്മാർക്കാണെന്ന് വ്യക്തമാണ്.

അല്ലാഹു പ്രസ്താവിക്കുന്നു: "സത്യവിശ്വാസികളേ, ഭക്ഷണത്തിന് നിങ്ങൾക്ക് സമ്മതം ലഭിച്ചാലല്ലാതെ നബിയുടെ വീടുകളിൽ പ്രവേശിക്കരുത്. പക്ഷെ, ക്ഷണിക്കപ്പെട്ടാൽ കടന്ന് ചെല്ലുക. ഭക്ഷണം കഴിച്ചാൽ പിരിഞ്ഞ് പോവുകയും ചെയ്യുക. നിങ്ങൾ വർത്തമാനം പറഞ്ഞ് രസിച്ചിരിക്കുന്നവരുമാകരുത്. തീർച്ചയായും അതൊക്കെ നബിയെ ശല്യപ്പെടുത്തുന്നതാകുന്നു. എന്നാൽ നിങ്ങളോട് അത് പറയാൻ അദ്ദേഹത്തിന് ലജ്ജയുണ്ട്. സത്യം പറയാൻ അല്ലാഹുവിന് ലജ്ജ തോന്നുകയില്ല. നിങ്ങൾ സ്ത്രീകളോട് വല്ല വിഭവവും ചോദിക്കുകയാണെങ്കിൽ തിരശ്ശീലക്ക് പിന്നിൽ നിന്ന് ചോദിക്കുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്. അല്ലാഹുവിന്റെ ദൂതന് ശല്യമുണ്ടാക്കാൻ പാടില്ല. അദ്ദേഹത്തിന് ശേഷം അദ്ദേഹത്തിന്റെ ഭാര്യമാരെ നിങ്ങൾ വിവാഹം കഴിക്കാൻ പാടില്ല. തീർച്ചയായും അതൊക്കെ അല്ലാഹുവിങ്കൽ ഗൗരവമുള്ള കാര്യമാകുന്നു''. (അഹ്സാബ്: 53)

ഈ സൂക്തത്തിന്റെ അഭിസംബോധിതർ പുരുഷന്മാരാണ്. സ്ത്രീകളോട് സംസാരിക്കുമ്പോൾ പർദ്ദ പാലിക്കണമെന്ന് ആജ്ഞാപിക്കുന്നതും പുരുഷന്മാരോടാണ്. അത് കൊണ്ട് തന്നെ പർദ്ദ നിയമം പ്രഥമദൃഷ്ട്യാ പുരുഷന്മാരെ ഉദ്ദേശിച്ചുള്ളതാണ്. സ്ത്രീകൾക്ക് ഹിജാബ് ബാധകമല്ലെന്ന് ഇതിനർഥമില്ല. ഹിജാബ് പാലിക്കാൻ അല്ലാഹു കൽപ്പിക്കുന്നത് പുരുഷന്മാരോടാണ് എന്ന് മാത്രം. സ്ത്രീകളോട് സംസാരിക്കുമ്പോൾ പുരുഷന്മാർ തിരശ്ശീലക്ക് പിന്നിൽ നിൽക്കുന്നത് പോലെ തന്നെ, പുരുഷന്മാരോട് സംസാരിക്കുമ്പോൾ സ്ത്രീകളും തിരശ്ശീലക്ക് പിന്നിൽ നിൽക്കണമെന്ന് സാരം.




സൂറത്തുൽ അഹ്സാബ് 53-ാമത്തെ സൂക്തം ഉദ്ധരിച്ചു കൊണ്ടാണ് പർദ്ദാനിയമം (ഹിജാബ്) പ്രവാചക പത്നിമാർക്ക് മാത്രം ബാധകമാണെന്ന് അബ്ദുല്ലാ ഹസൻ സാഹിബ് വാദിക്കുന്നത്. ഈ സൂക്തം അവതരിച്ച പശ്ചാതലം നബി(സ)യുടെ വീടിനെ കേന്ദ്രീകരിച്ചായതിനാൽ, പുരുഷന്മാർ പർദ്ദ പാലിക്കേണ്ടത് ചർച്ച ചെയ്യാവുന്നതാണ്. അത്തരമൊരു ചർച്ചക്ക് തുനിഞ്ഞാൽ തന്നെ വിശ്വാസികൾ പ്രവാചക പത്നിമാരോട്

സംസാരിക്കുമ്പോൾ മാത്രമേ തിരശ്ശീലക്ക് പിന്നിൽ നിൽക്കേണ്ടതുള്ളു എന്ന അനുമാനത്തിൽ എത്തിച്ചേരാൻ കഴിയില്ല. കാരണം, "നിങ്ങൾ സ്ത്രീകളോട് വല്ല വിഭവവും ചോദിക്കുകയാണെങ്കിൽ തിരശ്ശീലക്ക് പിന്നിൽ നിന്ന് ചോദിക്കുക." എന്നാണ് അല്ലാഹു കൽപിക്കുന്നത്. ഇവിടെ പ്രവാചക പത്നിമാർ എന്ന് പ്രത്യേകം പറയുന്നതിന് പകരം 'സ്ത്രീകളോട്' എന്ന് പൊതു അർഥം ലഭിക്കുന്ന 'هُنَّ'(ഹുന്ന) എന്ന പദമാണ് ഖുർആൻ പ്രയോഗിച്ചത്. നബി(സ)യുടെ വീട്ടിൽ പുരുഷന്മാർ വരുന്നത് പോലെ സ്ത്രീകളും വരാറുണ്ടായിരുന്നു. പ്രവാചക പുത്രിമാരും അവിടെ ഉണ്ടാകും. ഇവിടെ പ്രവാചകന്റെ വീട്ടിൽ വെച്ച് തന്നെ പ്രവാചക പുത്രിമാരോടും വിശ്വാസികളുടെ ഭാര്യമാരോടും തിരശ്ശീലയില്ലാതെ സംസാരിക്കാമെന്നും പ്രവാചക പത്നിമാരോട് സംസാരിക്കുമ്പോൾ മാത്രമേ തിരശ്ശീലക്ക് പിന്നിൽ നിൽക്കേണ്ടതുള്ളൂവെന്നും വ്യാഖ്യാനിക്കുന്നത് ഖുർആന്റെ ആശയത്തോട് മാത്രമല്ല, അതിന്റെ അക്ഷരത്തോടും നീതി പുലർത്താത്ത സമീപനമാണ്. ഇതേ സൂക്തത്തിൽ തന്നെ "അദ്ദേഹത്തിനു ശേഷം അദ്ദേഹത്തിന്റെ ഭാര്യമാരെ വിവാഹം കഴിക്കാൻ പാടില്ല." എന്ന് പറയുന്നിടത്ത് 'സ്ത്രീകൾ' എന്ന പൊതു അർഥം ലഭിക്കുന്ന هُنَّ(ഹുന്ന) എന്ന പദം പ്രയോഗിക്കാതെ أَزْوَاجُهُ (അദ്ദേഹത്തിന്റെ ഭാര്യമാർ) എന്ന് പ്രത്യേകം പറഞ്ഞത് ഈ വിശകലനത്തെ ബലപ്പെടുത്തുന്നതാണ്. فاسألوهُنَّ، سألتموهُنَّ എന്നൊക്കെ പ്രയോഗിച്ചതുപോലെ لا تنكحوهُنَّ എന്നും ഖുർആനിൽ പ്രയോഗിക്കാമായിരുന്നു. സ്ത്രീകളെ പൊതുവായി സൂചിപ്പിക്കുന്ന هُنَّ എന്ന പ്രയോഗം മാറ്റി أَزْوَاجُهُ (പ്രവാചകന്റെ ഭാര്യമാർ) എന്ന് അല്ലാഹു പ്രത്യേകം പറഞ്ഞത് ബോധപൂർവമാണെന്ന് മനസ്സിലാക്കണം. വിവാഹം കഴിക്കരുത് എന്ന് പറയുന്നത് റസൂലിന്റെ ഭാര്യമാരെ മാത്രം ഉദ്ദേശിച്ചാണെന്നും 'ഹിജാബ്' എല്ലാ സ്ത്രീകളോടും പുരുഷന്മാർ അനുവർത്തിക്കേണ്ടുന്ന നിലപാടാണെന്നും മനസ്സിലാക്കലാണ് കരണീയം.

അല്ലാഹു വ്യക്തമായി 'പ്രവാചക പത്നിമാരേ!'എന്ന് വിളിച്ച് പറഞ്ഞാൽ പോലും അത് എല്ലാ സ്ത്രീകൾക്കും ബാധകമല്ല എന്ന നിലപാട് തികച്ചും അബദ്ധമാണ്. കാരണം, സ്ത്രീകൾ പൊതുവായി പാലിക്കേണ്ട പല നിയമങ്ങളുടേയും അഭിസംബോധിതർ പ്രഥമദൃഷ്ട്യാ പ്രവാചക പത്നമാരാണ്.

അല്ലാഹു പ്രസ്താവിക്കുന്നു: "പ്രവാചക പത്നിമാരേ, സ്ത്രീകളിൽ മറ്റ് ആരെപ്പോലെയുമല്ല നിങ്ങൾ. നിങ്ങൾ ധർമനിഷ്ഠ പാലിക്കുന്നുവെങ്കിൽ, കൊഞ്ചിക്കുഴഞ്ഞ് സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞുകൊള്ളുക." (അഹ്സാബ്-32)

ഈ സൂക്തത്തിൽ പ്രവാചക പത്നിമാരെ മാത്രം അഭിസംബോധന ചെയ്ത് കൊണ്ടാണ് 'കൊഞ്ചിക്കുഴഞ്ഞ് സംസാരിക്കരുത്' എന്ന് പറയുന്നത്. ഇതിന്റെ



അക്ഷരത്തിൽ പിടിച്ച് തൂങ്ങി മറ്റ് സ്ത്രീകൾക്കെല്ലാം അന്യപുരുഷന്മാരോട് കൊഞ്ചിക്കുഴഞ്ഞ് സംസാരിക്കാം എന്ന നിഗമനത്തിലെത്തുന്നത് അർഥശൂന്യമാണ്. എല്ലാ കാര്യത്തിലും 'മഖാസ്വിദുശ്ശരീഅഃ' (ശരീഅത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ) നോക്കുന്നയാളുകൾ പോലും ഇത്തരം വിഷയങ്ങളിൽ മഖാസ്വിദുശ്ശരീഅഃക്ക് സ്ഥാനം നൽകുന്നില്ല. അഹ്സാബ് 32-ാമത്തെ സൂക്തത്തിൽ പ്രവാചക പത്നിമാരെ പ്രത്യേകം അഭിസംബോധന ചെയ്തുകൊണ്ട് കൊഞ്ചിക്കുഴയരുതെന്ന് പറയുമ്പോൾ കാരണവും വിശദീകരിക്കുന്നു :"ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും". ഇതാണ് കാരണമെങ്കിൽ മറ്റ് സ്ത്രീകളോട് സംസാരിക്കുമ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിക്കൊള്ളട്ടെയെന്ന് അല്ലാഹു ഉദ്ദേശിക്കുകയില്ല. 'കൊഞ്ചിക്കുഴയരുത്' എന്ന കൽപന മഖാസ്വിദുശ്ശരീഅഃ അനുസരിച്ച് എല്ലാ വിശ്വാസിനികൾക്കും ബാധകമാണ്. ഹിജാബിന്റെ സൂക്തം എന്ന് വിശേഷിപ്പിക്കുന്ന അഹ്സാബ് 53-ൽ വിഭവങ്ങൾ ആവശ്യപ്പെടുന്നത് തിരശ്ശീലക്ക് പിന്നിൽ നിന്നായിരിക്കണമെന്ന് 53-ാമത്തെ സൂക്തത്തിൽ പറയാൻ കാരണമായി അല്ലാഹു പറയുന്നു: "അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്." ഈ ഹൃദയസംശുദ്ധി പുരുഷനെ സംബന്ധിച്ചിടത്തോളം പ്രവാചക പത്നിമാരോട് സംസാരിക്കുമ്പോൾ മാത്രം മതിയോ എന്നും സ്ത്രീകളിൽ പ്രവാചക പത്നിമാർക്ക് മാത്രമാണോ നിയമം ബാധകമെന്നും നാം വിലയിരുത്തേണ്ടതാണ്.

'പ്രവാചകപത്നിമാരേ!'യെന്ന് വ്യക്തമായി അഭിസംബോധന ചെയ്തിട്ട് 'കൊഞ്ചിക്കുഴയരുത്' എന്ന് പറഞ്ഞ അഹ്സാബ് 32-ാമത്തെ സൂക്തത്തെ സകല സ്ത്രീകൾക്കും ബാധകമാക്കുന്നവർ, 'പ്രവാചക പത്നിമാരേ!'യെന്ന് വ്യക്തമായി അഭിസംബോധന ചെയ്യാത്ത അഹ്സാബ് 53-ാമത്തെ സൂക്തത്തിലെ ഹിജാബ് പ്രവാചക പത്നമാർക്ക് മാത്രമാണെന്ന് വ്യാഖ്യാനിക്കുന്നത് തീർത്തും അബദ്ധമാണ്.

അഹ്സാബ് 33-ാമത്തെ സൂക്തത്തിൽ അല്ലാഹു പ്രവാചക പത്നിമാരെ പ്രത്യേകമായി അറിയിക്കുന്നു:

“നിങ്ങൾ സ്വവസതികളിൽ അടങ്ങിയിരിക്കുക. പഴയ ജാഹിലിയ്യാ കാലത്തെപ്പോലെ അഴിഞ്ഞാടരുത്.”

ഈ സൂക്തത്തിന്റെ അടിസ്ഥാനത്തിൽ ജാഹിലിയ്യാ കാലത്തെ അഴിഞ്ഞാട്ടം നിരോധിച്ചത് പ്രാവചക പത്നിമാർക്ക് മാത്രമാണെന്ന് വാദിച്ചാൽ മറ്റ് സ്ത്രീകൾക്കെല്ലാം തെരുവിൽ അഴിഞ്ഞാടാമെന്ന് സമ്മതിച്ച് കൊടുക്കേണ്ടിവരും. ഹിജാബ് പ്രവാചക പത്നിമാർക്ക് മാത്രം ബാധകമാണെന്ന് പറയുന്നവർ പോലും (യൂസുഫുൽ ഖറദാവി ഉൾപ്പെടെ) മുസ്‌ലിം സ്ത്രീകളുടെ പെരുമാറ്റ രീതികളെ വിശദീകരിക്കുന്ന സന്ദർഭത്തിൽ ‘കൊഞ്ചിക്കുഴയരുതെ’ന്നും ‘അഴിഞ്ഞാടരുതെ’ന്നും സൂചിപ്പിക്കുന്ന ആയത്തുകൾ മറ്റെല്ലാ സ്ത്രീകൾക്കും ബാധകമാണെന്ന് വ്യാഖ്യാനിച്ച് ബുദ്ധിമുട്ടുന്നതും കാണാം.

‘പ്രവാചകരേ’ എന്നും ‘പ്രവാചക പത്നിമാരേ’ എന്നും അഭിസംബോധന ചെയ്യുന്ന ആയത്തുകൾ മറ്റ് സ്ത്രീ പുരുഷന്മാർക്ക് ബാധകമല്ലെന്ന് വന്നാൽ ഖുർആനിലെ ഒരുപാട് നിയമങ്ങൾ ‘പർദ്ദ’ക്കുള്ളിലാകും. (പ്രത്യേകം) എന്ന് ഉപയോഗിക്കാതെ പ്രവാചകനെയും പ്രവാചകപത്നിമാരെയും അഭിസംബോധന ചെയ്യുന്ന എല്ലാ ആയത്തുകളും എല്ലാ മുസ്‌ലിംകൾക്കും ഒരുപോലെ ബാധകമാണെന്നതാണ് യാഥാർഥ്യം.

അബ്ദുല്ലാ ഹസൻ സാഹിബിന്റെ ലേഖനത്തിൽ ഹിജാബിന്റെ ആയത്ത് കൊണ്ട് ഉദ്ദേശിക്കുന്നത് ആണിനും പെണ്ണിനും ഇടയിൽ ഒരു തിരശ്ശീല വേണമെന്നതാണെന്ന് അസന്നിഗ്ധമായി പറയുന്നുണ്ട്. പക്ഷെ ഈ നിയമം പ്രവാചക പത്നിമാർക്ക് മാത്രം ബാധകമായതാണെന്ന് കൂടി അദ്ദേഹം വാദിക്കുന്നതാണ് അബദ്ധമായിട്ടുള്ളത്. ആയതിനാൽ ഹിജാബിന്റെ ആയത്ത് പ്രവാചക പത്നിമാർക്ക് മാത്രമുള്ള ആയത്തല്ല എന്ന് വിശ്വസിക്കുന്നവർ ചുരുങ്ങിയപക്ഷം വനിതകൾക്ക് ‘ഖുർആൻ ക്ലാസ്’ എടുക്കുമ്പോഴെങ്കിലും ഒരു മറ സ്വീകരിക്കുന്നത് നല്ലതാണ്. പ്രവാചക പത്നിമാർക്ക് മാത്രമേ ഹിജാബിന്റെ ആയത്ത് ബാധകമാകുന്നുള്ളൂവെന്നും ഒരു പുരുഷന് അന്യസ്ത്രീയോട് വിഭവങ്ങൾ ആവശ്യപ്പെടാൻ ഒരു തിരശ്ശീല വേണ്ടതില്ലായെന്ന് വിശ്വസിക്കുകയും ചെയ്യുന്നവർ തങ്ങളുടെ വീട്ടിലെ അടുക്കള വരെ കയറിച്ചെല്ലാനുള്ള സ്വാതന്ത്ര്യം അന്യപുരുഷന്മാർക്ക് നൽകേണ്ടതുമാണ്. എന്തുകൊണ്ടെന്നാൽ, വീട്ടിൽ പ്രവേശിക്കാൻ അനുവാദം നൽകപ്പെട്ട ഒരു പുരുഷൻ അടുക്കളയിലേക്ക് പോകുന്നതിനെ തടയാൻ ഹിജാബിന്റെ സൂക്തമൊഴികെ മറ്റൊരു ആയത്തോ ഹദീസോ ഇസ്‌ലാമിക ശരീഅത്തിൽ കാണാൻ സാധ്യമല്ല.

*(തീർന്നില്ല)*